REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 28-12-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- **മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന് രാജ്യം ഇന്ന് വിട നൽകും. സംസ്കാരം സമ്പൂർണ സൈനിക ബഹുമതികളോടെ രാവിലെ 11:45-ന് ന്യൂഡൽഹിയിലെ നിഗംബോധ് ഘട്ടിൽ. സംസ്കാര ചടങ്ങ് ആകാശവാണി തത്സമയം പ്രക്ഷേപണം ചെയ്യും.**
- **എല്ലാ കേന്ദ്രഗവൺമെന്റ് ഓഫീസുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഇന്ന് പകുതി ദിവസം അവധി.**
- **ഡോ മൻമോഹൻ സിംഗിന്റെ സ്മാരകത്തിനായി ഗവൺമെന്റ് സ്ഥലം അനുവദിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം.**
- **കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് എയർ കേരള എയർലൈൻ സർവീസ് ആരംഭിക്കുന്നതിന്റെ ധാരണാപത്രം തിങ്കളാഴ്ച ഒപ്പുവെക്കും.**
- **പെരിയ ഇരട്ടകൊലക്കേസിൽ CBI കോടതി വിധി ഇന്ന്.**
- **സന്തോഷ് ട്രോഫി ഫുട്ബോൾ രണ്ടാം സെമിയിൽ കേരളം നാളെ മണിപ്പൂരിനെ നേരിടും.**

## വാർത്തകൾ വിശദമായി

**മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങിന് രാജ്യം ഇന്ന് വിട നൽകും. സംസ്കാരം സമ്പൂർണ സൈനിക ബഹുമതികളോടെ രാവിലെ 11:45-ന് ന്യൂഡൽഹിയിലെ നിഗംബോധ് ഘട്ടിൽ നടക്കും.**

**ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

**.....(വോയ്സ്)......**

ഡോ. മൻമോഹൻ സിംഗിന് രാജ്യം ആദരാഞ്ജലിയർപ്പിക്കുകയാണ്. മോത്തിലാൽ നെഹ്റു മാർഗിലെ വസതിയിലാണ് ഇപ്പോൾ ഡോ. മൻമോഹൻ സിംഗിന്റെ ഭൗതികദേഹം. രാഷ്ട്രപതി ദ്രൗപതി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്ര മന്ത്രിമാർ, സോണിയാ ഗാന്ധി, രാഹുൽ ഗാന്ധി, വിവിധ സംസ്ഥാന മുഖ്യമന്ത്രിമാർ തുടങ്ങി നിരവധി പേർ വസതിയിലെത്തി അന്തിമോപചാരം അർപ്പിച്ചു. ഡോ.മൻമോഹൻ സിങ്ങിന്റെ ഭൗതികശരീരം രാവിലെ എട്ടിന് AICC ആസ്ഥാനത്ത് എത്തിക്കും. 8.30 മുതൽ 9.30 വരെയാണ് AICC ആസ്ഥാനത്ത് പൊതുദർശനം. പൊതുജനങ്ങൾക്കും കോൺഗ്രസ് പ്രവർത്തകർക്കും ആദരാഞ്ജലി അർപ്പിക്കാം. 9.30-ന് ശേഷം നിഗം ബോധ്ഘട്ടിലേയ്ക്കു വിലാപ യാത്ര ആരംഭിക്കും. എല്ലാ കേന്ദ്രഗവൺമെന്റ് ഓഫീസുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ഇന്ന് പകുതിദിവസം അവധി പ്രഖ്യാപിച്ചു.

ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണത്തിൽ കോൺഗ്രസ് പ്രവർത്തകസമിതി അനുശോചിച്ചു. അദ്ദേഹത്തിന്റെ ജീവിതവും പ്രവർത്തനവും ഇന്ത്യയുടെ ഭാഗധേയം രൂപപ്പെടുത്തിയെന്ന് പാർട്ടി അനുശോചന പ്രമേയത്തിൽ പറഞ്ഞു. മുൻ പ്രധാനമന്ത്രിയുടെ മൂല്യങ്ങൾ അദ്ദേഹം വിഭാവനം ചെയ്തതുപോലെ കൂടുതൽ സമ്പന്നവും ഐക്യവുമായ ഇന്ത്യ കെട്ടിപ്പടുക്കുന്നതിനു പ്രതിബദ്ധതയും പ്രമേയം പ്രകടിപ്പിച്ചു. ഇന്ത്യയുടെ സാമ്പത്തിക ഉദാരവൽക്കരണത്തിന്റെ ശില്പിയായിരുന്നു ഡോ.മൻമോഹൻ സിങെന്നും, സമാനതകളില്ലാത്ത ദീർഘവീക്ഷണത്തോടെ, സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും അദ്ദേഹം രാജ്യത്തെ രക്ഷിച്ചുവെന്നും പ്രവർത്തകസമിതി അഭിപ്രായപ്പെട്ടു.

ഡൽഹി എയിംസ് ആശുപത്രിയിൽ വ്യാഴാഴ്ച രാത്രി 9.51ന് ആയിരുന്നു ഡോ. മൻമോഹൻ സിങ്ങിന്റെ അന്ത്യം.

✪✪✪

ഡോ. മൻമോഹൻ സിംഗിന്റെ സംസ്കാര ചടങ്ങ് ആകാശവാണി തത്സമയം പ്രക്ഷേപണം ചെയ്യും. FM റെയിൻബോ, ഇന്ദ്രപ്രസ്ഥം, ആകാശവാണി ലൈവ് ന്യൂസ് 24x7' ചാനലുകളിൽ രാവിലെ 11 മുതലാണ് പ്രക്ഷേപണം ചെയ്യുന്നത്. ക്യാപിറ്റൽ സ്റ്റേഷനുകളുൾപ്പെടെ ആകാശവാണിയുടെ എല്ലാ പ്രൈമറി ചാനലുകളും, പ്രാദേശിക റേഡിയോ സ്റ്റേഷനുകളും പ്രക്ഷേപണം റിലേ ചെയ്യും.

✪✪✪

അന്തരിച്ച മുൻ പ്രധാനമന്ത്രി ഡോ മൻമോഹൻ സിംഗിന്റെ സ്മാരകത്തിനായി ഗവൺമെന്റ് സ്ഥലം അനുവദിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അറിയിച്ചു. മൻമോഹൻ സിങ്ങിന്റെ സ്മാരകത്തിനായി സ്ഥലം അനുവദിക്കണമെന്ന കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെയുടെ അഭ്യർത്ഥന ഗവൺമെന്റിന് ലഭിച്ചതായി മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. കേന്ദ്രമന്ത്രിസഭാ യോഗത്തിന് ശേഷം ആഭ്യന്തരമന്ത്രി അമിത് ഷാ ഖാർഗെയോടും ഡോ. മൻമോഹൻ സിങ്ങിന്റെ കുടുംബത്തോടും സ്മാരകത്തിനായി ഗവൺമെന്റ് സ്ഥലം അനുവദിക്കുമെന്ന് അറിയിച്ചതായി മന്ത്രാലയം അറിയിച്ചു.

✪✪✪

ഗവർണർ ആരിഫ് മുഹമ്മദ് ഖാന് ഇന്ന് നൽകാനിരുന്ന യാത്രയയപ്പ് ചടങ്ങ് മാറ്റിവച്ചു. മുൻ പ്രധാനമന്ത്രി ഡോ.മൻമോഹൻ സിങ്ങിന്റെ മരണത്തെ തുടർന്ന് രാജ്യത്ത് ഔദ്യോഗിക ദുഃഖാചരണമായതു കൊണ്ടാണു യാത്രയയപ്പ് മാറ്റിയത്. രാജ്ഭവൻ ജീവനക്കാർ വൈകിട്ടാണു ഗവർണർക്ക് യാത്രയയപ്പ് നൽകാൻ തീരുമാനിച്ചിരുന്നത്.

പുതിയ കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേകർ പുതുവത്സര ദിനത്തിൽ കേരളത്തിലെത്തും. ജനുവരി രണ്ടിനാണ് അദ്ദേഹം ചുമതലയേൽക്കുക. ജനുവരി രണ്ടിന് ആരിഫ് മുഹമ്മദ് ഖാൻ ബിഹാർ ഗവർണറായി ചുമതലയേൽക്കും.

✪✪✪

അതിനിടെ, ആരിഫ് മുഹമ്മദ് ഖാൻ യാത്ര പറയാൻ ശ്രീരാമകൃഷ്ണാശ്രമത്തിലെ സ്വാമിമാരുടെ അടുത്തെത്തി. ശാസ്തമംഗലം ആശ്രമത്തിലെത്തിയ ഗവർണർ, ശ്രീരാമൃഷ്ണ പരമഹംസരുടേയും സ്വാമി വിവേകാനന്ദന്റെയും ശാരദാ ദേവിയുടെയും ചിത്രങ്ങൾക്കു മുന്നിൽ പുഷ്പാർച്ചന നടത്തി.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ രാവിലെ 11-ന് പ്രതിമാസ റേഡിയോ പരിപാടിയായ 'മൻ കി ബാത്തിൽ ആകാശവാണിയിൽ രാജ്യത്തെയും വിദേശത്തെയും ജനങ്ങളുമായി ചിന്തകൾ പങ്കുവെക്കും. മൻ കി ബാത്തിന്റെ 117-ാം പതിപ്പാണിത്. ആകാശവാണിയുടെയും ദൂരദർശന്റെയും മുഴുവൻ ശൃംഖലയിലും എഐആർ ന്യൂസ് വെബ്സൈറ്റിലും ന്യൂസ് ഓൺ AIR മൊബൈൽ ആപ്പിലും മൻ കി ബാത്ത് ലഭിക്കും.

AIR ന്യൂസ്, DD ന്യൂസ്, PMO, I ആൻഡ് B മന്ത്രാലയം എന്നിവയുടെ യൂട്യൂബ് ചാനലുകളിലും ഇത് തത്സമയം സംപ്രേഷണം ചെയ്യും. പ്രധാനമന്ത്രിയുടെ ഹിന്ദി സംപ്രേക്ഷണം കഴിഞ്ഞാൽ ഉടൻ ആകാശവാണി കേരള നിലയങ്ങളിൽ മൻ കി ബാത്തിന്റെ മലയാള പരിഭാഷ കേൾക്കാം.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽനിന്ന് എയർ കേരള എയർലൈൻ സർവീസ് ആരംഭിക്കുന്നതിന്റെ ധാരണാപത്രം തിങ്കളാഴ്ച ഒപ്പുവെക്കും. ഉച്ചയ്ക്ക് വിമാനത്താവളത്തിലാണ് ധാരണാപത്രം ഒപ്പു വെയ്ക്കുന്നത്.

സംസ്ഥാന ഗവൺമെന്റിനും, സിയാലിനും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങൾക്കുമായി 26 ശതമാനം ഓഹരിയുള്ള സ്ഥാപനമാണ് എയർ കേരള.

കണ്ണൂരിന് പുറമെ കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളങ്ങളിൽ നിന്നായിരിക്കും സർവീസ്. മാർച്ച് മാസത്തോടെ സർവീസ് ആരംഭിക്കാനാണ് ശ്രമം.

✪✪✪

കാസർകോട് പെരിയയിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ കൃപേഷിനെയും ശരത് ലാലിനെയും വെട്ടിക്കൊലപ്പെടുത്തിയ കേസിൽ ഇന്ന് കോടതി വിധി പറയും. CPIM നേതാക്കൾ പ്രതികളായ കേസിൽ കൊച്ചിയിലെ പ്രത്യേക CBI

കോടതിയാണ് വിധി പറയുന്നത്. 24 പ്രതികളാണ് കേസിൽ. ഇടതു മുന്നണിയുടെ രണ്ട് സംസ്ഥാന ജാഥകൾ മഞ്ചേശ്വരത്തുനിന്നും പാറശ്ശാലയിൽനിന്നും തുടങ്ങിയ 2019 ഫെബ്രുവരി 17നാണ് ശരത്-ലാലും, കൃപേഷും കൊല്ലപ്പെട്ടത്.

ആദ്യം ലോക്കൽ പോലീസും പിന്നീട് ക്രൈംബ്രാഞ്ചും അന്വേഷിച്ച കേസ് ഹൈക്കോടതി നിർദേശപ്രകാരം സിബിഐ ഏറ്റെടുക്കുകയായിരുന്നു. ക്രൈംബ്രാഞ്ച് 14 പേരെ പ്രതിചേർത്ത കേസിൽ സിബിഐ പത്ത് പ്രതികളെക്കൂടി ഉൾപ്പെടുത്തുകയായിരുന്നു.

✪✪✪

കോഴിക്കോട് കോരപ്പുഴ പാലം ഭാഗത്ത് ദേശീയപാത നിർമാണവുമായി ബന്ധപ്പെട്ട് നേരത്തെ നിക്ഷേപിച്ച മണ്ണ് ഉടൻ നീക്കം ചെയ്യുമെന്ന് മന്ത്രി A.K ശശീന്ദ്രൻ അറിയിച്ചു. ഒരു മാസത്തിനകം മണ്ണ് പൂർണ്ണമായി നീക്കം ചെയ്യാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മന്ത്രി നിർദേശം നൽകി. കോരപ്പുഴ പാലം നിർമാണവുമായി ബന്ധപ്പെട്ട് കലക്ടറേറ്റിൽ മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിലാണ് നിർദേശം നൽകിയത്.

പാലം പില്ലർ നിർമാണവുമായി ബന്ധപ്പെട്ട് മണ്ണ് നിറയ്ക്കുന്നത് മത്സ്യബന്ധനത്തെ ബാധിക്കുമെന്ന ആശങ്ക പ്രദേശത്തെ മത്സ്യതൊഴിലാളികൾ ഉന്നയിച്ചിരുന്നു.

✪✪✪

തൃശ്ശൂർ നഗരത്തെ ചുവപ്പണിയിച്ച് ബോൺ നതാലെ ആഘോഷം. അതിരൂപതയും പൗരാവലിയും ചേർന്ന് നടത്തുന്ന ബോൺ നതാലെ ആഘോഷത്തിൽ 107 ഇടവകകളിൽ നിന്നായി 15,000 ക്രിസ്മസ് പാപ്പമാരാണ് അണിനിരന്നത്. ലോകത്തിലെ ഏറ്റവും വലിയ ക്രിസ്മസ് ഘോഷയാത്രയായി ഗിന്നസ് റെക്കോഡിൽ ഇടംനേടിയ 'ബോൺ നതാലെ'യിൽ 60 അടിയിലേറെ ഉയരമുള്ള ചലിക്കുന്ന ഏദൻ തോട്ടവും, വയനാട് ദുരന്തം ഉൾപ്പടെ 21 നിശ്ചല ദൃശ്യങ്ങളുമാണ് ആകർഷകമാക്കിയത്.

ആർച്ച് ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്തും മേയർ M.K വർഗീസും ചേർന്ന് ഘോഷയാത്ര ഫ്ലാഗ് ഓഫ് ചെയ്തു.

✪✪✪

വിഷം അകത്തുചെന്നു ആശുപത്രിയിൽ ചികിത്സയിലായിരുന്ന വയനാട് DCC ട്രഷററും മകനും മരിച്ചു. വയനാട് DCC ട്രഷറർ N.M വിജയനും മകൻ ജിജേഷും ആണ് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്നലെ വൈകിട്ട് മരിച്ചത്. ഇവരെ ചൊവ്വാഴ്ചയാണ് വിഷം അകത്തുചെന്ന നിലയിൽ വീട്ടിനുള്ളിൽ കണ്ടത്.

ഗുരുതരാവസ്ഥയിലായ ഇരുവരെയും ആദ്യം സുൽത്താൻബത്തേരിയിലെ സ്വകാര്യ ആശുപത്രിയിലും പിന്നീട് കോഴിക്കോട് മെഡിക്കൽ കോളജ് ആശുപത്രിയിലും പ്രവേശിപ്പിക്കുകയായിരുന്നു. വയനാട്ടിലെ കോൺഗ്രസ് നേതാക്കളിൽ പ്രമുഖനായിരുന്ന വിജയൻ നീണ്ടകാലം സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്നു. മകൻ ജിജേഷ് ഏറെക്കാലമായി ശാരീരിക പ്രയാസം മൂലം കിടപ്പിലായിരുന്നു.

✪✪✪

**ഹൈദരാബാദിൽ 78-ാമത് സന്തോഷ് ട്രോഫി ഫുട്ബോൾ രണ്ടാം സെമിയിൽ കേരളം നാളെ മണിപ്പൂരിനെ നേരിടും. വൈകീട്ട് 7.30-ന് ഗച്ചിബൗളി സ്റ്റേഡിയത്തിലാണ് മത്സരം.**

**ഡെസ്ക് റിപ്പോർട്ട്**

**.....വോയിസ്.......**

**കരുത്തരായ ജമ്മു-കശ്മീരിനെ ഏകപക്ഷീയമായ ഒരു ഗോളിനു പരാജയപ്പെടുത്തിയാണ് കേരളം സെമിയിൽ പ്രവേശിച്ചത്. 73-ാം മിനിറ്റിൽ നസീബ് റഹ്മാനാണ് വിജയഗോൾ നേടിയത്. ക്യാപ്റ്റൻ ജി സഞ്ജു നീട്ടിനൽകിയ പന്ത് വി അർജുൻ ഹെഡ് ചെയ്ത് നസീബ് റഹ്മാന് നൽകുകയായിരുന്നു. റഹ്മാൻ വലംകാല് കൊണ്ട് തൊടുത്ത ഷോട്ട് കൃത്യമായി ലക്ഷ്യത്തിലെത്തി.**

**സന്തോഷ് ട്രോഫിയിൽ കേരളം 31-ാം തവണയാണു സെമിയിലെത്തുന്നത്.**

**നാളെ ഉച്ചകഴിഞ്ഞ് 2.30-ന് ആദ്യ സെമിയിൽ ബംഗാൾ സർവീസസുമായി മത്സരിക്കും.**

**ഇന്നലെ രാത്രി അവസാന ക്വാർട്ടർ ഫൈനലിൽ മേഘാലയയെ ഒന്നിനെതിരെ രണ്ട് ഗോളുകൾക്ക് തോൽപിച്ചാണ് സർവീസസ് സെമിയിലെത്തിയത്.**

✪✪✪

**മെൽബണിൽ ഓസ്ട്രേലിയക്കെതിരായ ബോർഡർ-ഗാവസ്കർ ട്രോഫി നാലാം ക്രിക്കറ്റ് ടെസ്റ്റിൽ മൂന്നാം ദിവസമായ ഇന്ന് ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ ഏഴ് വിക്കറ്റിന് 232 റൺസെടുത്തു. അഞ്ച് വിക്കറ്റിന് 164 റൺസ് എന്ന നിലയിലാണ് രാവിലെ ഇന്ത്യ ആദ്യ ഇന്നിംഗ്സ് പുനഃരാരംഭിച്ചത്.**

**ഓസ്ട്രേലിയയുടെ ഒന്നാം ഇന്നിംഗ്സ് സ്കോറിനൊപ്പമെത്താൻ ഇന്ത്യക്ക് 242 റൺസ് കൂടി വേണം.**

**ഓസ്ട്രേലിയ ഒന്നാം ഇന്നിംഗ്സിൽ 474 റൺസ് നേടി.**

✪✪✪

**ISL ഫുട്ബോളിൽ കൊൽക്കത്തയിൽ മുഹമ്മദൻ സ്പോർട്ടിംഗ് ക്ലബ് - ഒഡീഷ FC മത്സരം ഗോൾ രഹിത സമനിലയിൽ പിരിഞ്ഞു. നിരവധി അവസരങ്ങൾ ലഭിച്ചെങ്കിലും ഇരു ടീമുകൾക്കും ഗോൾ നേടാൻ സാധിച്ചില്ല.**

**ഇന്ന് വൈകീട്ട് നാലരക്ക് ഹൈദരാബാദിൽ, ഈസ്റ്റ് ബംഗാൾ FC - ഹൈദരാബാദ് FCയെ നേരിടും.**

**ചെന്നൈയിലെ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി ഏഴരയ്ക്ക് ചെന്നൈയിൻ FCയും ബെംഗളൂരു FCയും തമ്മിലാണ് രണ്ടാം മത്സരം.**

✪✪✪

സംസ്ഥാന സ്പെഷ്യൽ ഒളിമ്പിക്സിന് കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ സ്റ്റേഡിയത്തിൽ തുടക്കമായി. എല്ലാ ജില്ലകളിൽനിന്നുമായി എത്തിയ 4,698 സ്പെഷ്യൽ കായികതാരങ്ങളും, അവരുടെ രക്ഷിതാക്കളും അദ്ധ്യാപകരും മേളയിൽ പങ്കെടുക്കുന്നുണ്ട്.

ആദ്യദിവസമായ ഇന്നലെ 50 മീറ്റർ, 100 മീറ്റർ അസിസ്റ്റഡ് വാക്ക്, 25 മീറ്റർ നടത്തം, സോഫ്റ്റ് ബോൾ എന്നിവയടക്കം 274 മത്സരങ്ങൾ നടന്നു. ശാരീരിക, ബൗദ്ധികവെല്ലുവിളികളുടെ തോതനുസരിച്ച് ലോവർ എബിലിറ്റി, ഹയർ എബിലിറ്റി എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലായിട്ടായിരുന്നു മത്സരങ്ങൾ.

✪✪✪

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിവൽ സീസൺ നാലുമായി ബന്ധപ്പെട്ട എല്ലാ പരിപാടികളും അടുത്ത മാസം നാല്, അഞ്ച് തീയതികളിലേക്ക് മാറ്റിയതായി ഫെസ്റ്റ് ചെയർമാനായ ജില്ലാ കലക്ടർ അറിയിച്ചു. മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗിന്റെ നിര്യാണത്തെത്തുടർന്നാണ് ഫെസ്റ്റ് മാറ്റി വെച്ചത്.

✪✪✪

കണ്ണൂർ ജില്ലാ കേരളോത്സവത്തിന്റെ സ്റ്റേജ് ഇതര മത്സരങ്ങൾക്ക് അഴീക്കോട് തുടക്കമായി. കേരളോത്സവത്തിന്റെ ഉദ്ഘാടനം ഇന്ന് വൈകീട്ട് സ്പീക്കർ A.N ഷംസീർ നിർവഹിക്കും.

ഇന്നലെ ഉദ്ഘാടന ചടങ്ങ് ഒഴിവാക്കി പ്രത്യേക യോഗം ചേർന്ന് അന്തരിച്ച മുൻ പ്രധാനമന്ത്രി ഡോ. മൻമോഹൻ സിംഗ്, എം ടി വാസുദേവൻ നായർ എന്നിവർക്ക് അനുശോചനം രേഖപ്പെടുത്തിയാണ് സ്റ്റേജ് ഇതര മത്സരങ്ങൾ ആരംഭിച്ചത്.

✪✪✪